REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി മധ്യപ്രദേശിലെ ധാറിൽ ഇന്ന് സ്വസ്ത് നാരി സശക്ത് പരിവാർ, എട്ടാമത് രാഷ്ട്രീയ പോഷൻ മാഹ് പ്രചാരണങ്ങൾക്ക് തുടക്കം കുറിക്കും.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ജന്മദിനത്തിൽ ഇന്ന് BJP രാജ്യവ്യാപകമായി സേവാ പക്ഷാചരണം ആരംഭിക്കും.**
- **വികസന പ്രവർത്തനങ്ങൾ പുതിയ ഘട്ടത്തിലേക്ക് കടക്കുമ്പോൾ സംസ്ഥാനത്തിന് സുസ്ഥിര മാതൃകകൾ ഏറെ ആവശ്യമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്തെ സ്ത്രീ ക്ലിനിക്കുകൾ മന്ത്രി വീണാജോർജ്ജ് ഉദ്ഘാടനം ചെയ്തു.**
- **ഇന്ന് വിശ്വകർമ്മ ജയന്തി.**
- **ICC വനിതാ ഏകദിന ക്രിക്കറ്റിൽ, ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് മധ്യപ്രദേശിലെ ധാറിൽ സ്വസ്ത് നാരി സശക്ത് പരിവാർ, എട്ടാമത് രാഷ്ട്രീയ പോഷൻ മാഹ് പ്രചാരണങ്ങൾക്ക് തുടക്കം കുറിക്കും. ഇന്ന് മുതൽ ഒക്ടോബർ രണ്ട് വരെ ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾ, കമ്മ്യൂണിറ്റി സെന്ററുകൾ, ജില്ലാ ആശുപത്രികൾ, മറ്റ് ഗവൺമെന്റ് ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് പ്രചാരണ പരിപാടികൾ. ഇതിന്റെ ഭാഗമായി ഒരു ലക്ഷത്തിലേറെ ആരോഗ്യ ക്യാമ്പുകളും സംഘടിപ്പിക്കും.

മാതൃ-ശിശു ആരോഗ്യ ബോധവത്കരണത്തിന് സുമൻ ശക്തി ചാറ്റ്ബോട്ടും പ്രധാനമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്യും.

ഡെസ്ക് റിപ്പോർട്ട്...

.........വോയ്സ്.......

രാജ്യവ്യാപകമായ പ്രചാരണത്തിൽ സ്ത്രീ കേന്ദ്രീകൃത - പ്രതിരോധ - പ്രോത്സാഹന - ആരോഗ്യസേവനങ്ങൾ ലഭ്യമാകും. വിളർച്ച, ക്ഷയം, അരിവാൾ കോശ രോഗം എന്നിവ നേരത്തെ കണ്ടെത്താനും ചികിത്സ നൽകാനും പ്രത്യേക ശ്രദ്ധ നൽകും. പ്രസവ പൂർവ പരിചരണം, പ്രതിരോധ കുത്തിവെപ്പ്, പോഷകാഹാരം, ആർത്തവ ശുചിത്വം, ജീവിത ശൈലി, മാനസികാരോഗ്യ അവബോധം എന്നിവയിലൂടെ മാതൃ-ശിശു-കൗമാര ആരോഗ്യം വളർത്തുകയാണ് പരിപാടിയുടെ ലക്ഷ്യം. രാജ്യവ്യാപകമായി രക്തദാന ഡ്രൈവുകളും സംഘടിപ്പിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ജന്മദിനവുമായി ബന്ധപ്പെട്ട് BJP രാജ്യവ്യാപകമായി സേവാ പക്ഷാചരണം ഇന്നാരംഭിക്കും. ഒക്ടോബർ രണ്ട് വരെ നീളുന്ന പക്ഷാചരണ കാലത്ത് ഗവൺമെന്റിന്റെ ക്ഷേമ പദ്ധതികളെ പറ്റി വിപുലമായ ബോധവത്കരണ പരിപാടികളും സ്വച്ഛതാ പ്രോത്സാഹന പരിപാടികളും സംഘടിപ്പിക്കും. പരിസ്ഥിതി സംരക്ഷണം, ജലവിതരണം എന്നിവയെപ്പറ്റിയും അവബോധ പരിപാടികൾ ഉണ്ടായിരിക്കും.

"സേവാ പഖ്വാഡ" യുടെ ഭാഗമായി ആഭ്യന്തര മന്ത്രി അമിത് ഷാ ഡൽഹിയിലെ ത്യാഗരാജ് സ്റ്റേഡിയത്തിൽ 15 പ്രധാന പദ്ധതികൾക്ക് ഇന്ന് കുറിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ജന്മദിനാശംസകൾ നേർന്നു. നരേന്ദ്രമോദിയെ ടെലിഫോണിൽ വിളിച്ചാണ് ട്രംപ് ആശംസകൾ അറിയിച്ചത്. ഇന്ത്യ-അമേരിക്ക സമഗ്ര പങ്കാളിത്തം ഉറപ്പാക്കാൻ ട്രംപിനെ പോലെത്തന്നെ താനും പ്രതിബദ്ധനാണെന്ന് സാമൂഹ്യമാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി കുറിച്ചു.

✪✪✪

രാജ്യത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഇന്ന് 'യാത്രി സേവാ ദിവസ്' ആഘോഷിക്കുന്നു. യാത്രക്കാർക്കായി നിരവധി പരിപാടികൾ ദിനാചരണത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

വിമാനത്താവളങ്ങളിൽ യാത്രക്കാരെ പരമ്പരാഗത രീതികളിൽ സ്വാഗതം ചെയ്യും. പ്രത്യേക ഹെൽപ്പ് ഡെസ്കുകളും പ്രവർത്തിക്കും.

വൃക്ഷത്തൈ നടീൽ, നാടോടി നൃത്ത പ്രകടനങ്ങൾ, കുട്ടികൾക്കായി പെയിന്റിംഗ്, ക്വിസ് മത്സരങ്ങൾ, എയർപോർട്ട് ബ്രാൻഡിംഗ് ഫോട്ടോ ബൂത്തുകൾ, രക്തദാന ക്യാമ്പുകൾ, തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ലക്ഷദ്വീപിൽ നാടോടി നൃത്തങ്ങളായ കോൽക്കളി, പരിച ക്കളി, ദഫ് മുട്ട് എന്നീ ഇനങ്ങൾ പ്രദർശിപ്പിക്കും.

✪✪✪

വികസന പ്രവർത്തനങ്ങൾ പുതിയ ഘട്ടത്തിലേക്ക് കടക്കുമ്പോൾ സംസ്ഥാനത്തിന് സുസ്ഥിര മാതൃകകൾ ഏറെ ആവശ്യമുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വികസനത്തോടൊപ്പം പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്ന പദ്ധതികളാണ് കേരളത്തിന് ആവശ്യം. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നിർമ്മിച്ച പച്ചത്തുരുത്തുകളിൽ മികച്ചവയ്ക്ക് പുരസ്കാരം നൽകുന്ന ചടങ്ങിൽ തിരുവനന്തപുരത്ത് പങ്കെടുക്കുകയായിരുന്നു മുഖ്യമന്ത്രി.

പുഴകളും, നീർച്ചാലുകളും വീണ്ടെടുക്കുന്ന ‘ഇനി ഞാൻ ഒഴുകട്ടെ‘ പശ്ചിമ ഘട്ട മേഖലയിലെ നീരൊഴുക്ക് പുനരുജ്ജീപ്പിക്കുന്ന ‘സുരക്ഷിതമാക്കാം പശ്ചിമഘട്ടം’ തുടങ്ങിയ ഹരിത മിഷൻ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണെന്ന് പിണറായി വിജയൻ പറഞ്ഞു. ശുചിത്വം, മാലിന്യ സംസ്കരണം, ജലസുരക്ഷ, ജല സംരക്ഷണം തുടങ്ങിയ മേഖലകളിലും ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾ വൻ മാറ്റങ്ങൾ സൃഷ്ടിച്ചതായും മുഖ്യമന്ത്രി വിലയിരുത്തി.

✪✪✪

ഗാന്ധിജയന്തിയോടനുബന്ധിച്ച് സംസ്ഥാനത്തെ നഗര-ഗ്രാമീണ മേഖലകളിലെ ശുചിത്വ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന 'സ്വച്ഛതാ ഹി സേവ' ക്യാംപെയ്ൻ 'ശുചിത്വോത്സവം'ഇന്ന് ആരംഭിക്കും. നവംബർ ഒന്ന് വരെ നീളുന്ന ക്യാംപെയിന്റെ ഭാഗമായി അനധികൃത മാലിന്യം തള്ളൽ കേന്ദ്രങ്ങൾ കണ്ടെത്തി സമയബന്ധിതമായി ശുചീകരണം നടത്തും.

പൊതുസ്ഥാപനങ്ങളിൽ മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ ഊർജിതമാക്കും. സമ്പൂർണ മാലിന്യമുക്തമാക്കിയ പ്രദേശങ്ങളിൽ 'സീറോ വേസ്റ്റ്' ആഘോഷങ്ങളും സംഘടിപ്പിക്കും. കുട്ടികൾക്കായി മത്സരങ്ങൾ, വാതിൽപ്പടി ബോധവൽക്കരണ പ്രവർത്തനങ്ങൾ, ശുചിത്വ തൊഴിലാളികളെ ആദരിക്കൽ, ശുചിത്വ സന്ദേശ ചുവർ ചിത്രം വരയ്ക്കൽ തുടങ്ങിയ പരിപാടികളും ഉണ്ടായിരിക്കും.

✪✪✪

സംസ്ഥാനത്തെ സ്ത്രീ ക്ലിനിക്കുകൾ തിരുവനന്തപുരം, പള്ളിത്തുറ ജനകീയാരോഗ്യ കേന്ദ്രത്തിൽ മന്ത്രി വീണാജോർജ്ജ് ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ സ്ത്രീകൾക്കായി സമർപ്പിക്കുന്ന പദ്ധതിയാണിതെന്ന് അവർ പറഞ്ഞു. സ്ത്രീകളുടെ ആരോഗ്യം കുടുംബത്തിന്റെ കരുത്താണ് - ശാരീരിക ബുദ്ധിമുട്ടുകൾ അവഗണിക്കരുത് എന്നീ ഓർമ്മപ്പെടുത്തലുകളിലൂടെ പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

........വോയ്സ്........

സ്ത്രീ ക്ലിനിക്കിന്റെ ഭാഗമായി എല്ലാ ചൊവ്വാഴ്ചയും ജനകീയാരോഗ്യ കേന്ദ്രങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേക പരിശോധനയും ആരോഗ്യ സേവനങ്ങളും ലഭ്യമാക്കും. 5,415 ജനകീയാരോഗ്യ കേന്ദ്രങ്ങളിലും, 322 നഗര ജനകീയാരോഗ്യ കേന്ദ്രങ്ങളിലും, 102 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളിലും, പരിശോധനാ സൗകര്യം ഉണ്ടായിരിക്കും. സ്ത്രീ സംബന്ധമായ ആരോഗ്യ പ്രശ്നങ്ങൾക്കെല്ലാം കേന്ദ്രങ്ങളിൽ പരിഹാരം ലഭ്യമാകുമെന്ന് വീണാ ജോർജ്ജ് അറിയിച്ചു.

മാർച്ച് എട്ട് വരെ നീളുന്ന ക്യാമ്പയിന്റെ ഭാഗമായി പ്രത്യേക പരിശോധനകളും ബോധവത്കരണവും സംഘടിപ്പിക്കും. ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ അയൽക്കൂട്ട സ്ക്രീനിങ് ക്യാമ്പുകളും ഉണ്ടായിരിക്കും. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ആഴ്ചയിലൊരിക്കൽ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനമുറപ്പാക്കും. പരിശോധനകളിൽ വിദഗ്ധ ചികിത്സ വേണ്ടവരെ മികച്ച ആശുപത്രികളിലേക്ക് റഫർ ചെയ്യും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ E-ഗവേണൻസ് അവാർഡുകൾ പ്രഖ്യാപിച്ചു. ഒമ്പത് വിഭാഗങ്ങളിലാണ് അവാർഡ്. E-സിറ്റിസൺ സർവീസ് ഡെലിവറി ആന്റ് M-ഗവേണൻസിൽ ഹൈക്കോടതിക്കാണ് ഒന്നാം സ്ഥാനം. ഡിജിറ്റൽ പ്രോസസ് റീ-എഞ്ചിനിയറിംഗിൽ ധനകാര്യ വകുപ്പിനും, തദ്ദേശ ഭരണ ശുചിത്വ മിഷനുമാണ് ഒന്നാം സ്ഥാനത്തിന് അർഹരായത്. മികച്ച വെബ്സൈറ്റിൽ IHRD ചാക്ക ഇൻഫർമേഷൻ ടെക്നോളജി ഒന്നാമതെത്തി. കോഴിക്കോട്ടെ V രാജേഷിന്റേതാണ് മികച്ച അക്ഷയ കേന്ദ്രം.

സോഷ്യൽ മീഡിയ E- ഗവേണൻസ് വിഭാഗത്തിൽ കേരള സ്റ്റാർട്ട് അപ്പ് മിഷൻ ഒന്നാം സ്ഥാനം നേടി. ഈ മാസം 25ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡുകൾ സമ്മാനിക്കും.

✪✪✪

ഇന്ന് വിശ്വകർമ്മ ജയന്തി. വിശ്വകർമ്മ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി ശോഭയാത്രകളും, സാംസ്കാരിക സമ്മേളനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

ആലുവയിൽ കേന്ദ്രസഹമന്ത്രി ജോർജ്  കുര്യൻ വൈകിട്ട് വിശ്വകർമ ദിന സമ്മേളനം ഉദ്ഘാടനം ചെയ്യും. കൊല്ലം അഞ്ചലിൽ മന്ത്രി ചിഞ്ചു റാണി, പത്തനാപുരത്തു മന്ത്രി KB ഗണേഷ് കുമാർ, കൊട്ടാരക്കരയിൽ മന്ത്രി KN ബാലഗോപാൽ  എന്നിവരും വിശ്വകർമ ദിന സമ്മേളനം ഉദ്ഘാടനം ചെയ്യും.

✪✪✪

ശബരിമലയിൽ കന്നിമാസ പൂജകൾക്ക് പുലർച്ചെ തുടക്കമായി. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പ സംഗമം പമ്പയിൽ ഈ മാസം  20 രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

അതിനിടെ ആഗോള അയ്യപ്പ സംഗമം തടയണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജികൾ ഇന്ന് സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വരും. ദേവസ്വം ബോർഡിന്റെ തടസ്സ ഹർജിയും ഇതോടൊപ്പം സുപ്രീം കോടതി പരിഗണിക്കും.

✪✪✪

ഗുരുവായൂരിലെ പുതിയ മേൽശാന്തി തിരഞ്ഞെടുപ്പ് ഇന്ന് നടത്തും. ബ്രഹ്മശ്രീ തന്ത്രി ദിനേശൻ നമ്പൂതിരിപ്പാടിന്റെ സാന്നിദ്ധ്യത്തിൽ പരമ്പരാഗതമായ രീതിയിൽ ഉച്ച പൂജയ്ക്ക് ശേഷമാണ് പുതിയ മേൽശാന്തിയെ തിരഞ്ഞെടുക്കുന്നത്.

✪✪✪

പ്രശസ്ത കർണ്ണാടക സംഗീതജ്ഞ MS സുബ്ബലക്ഷ്മിയുടെ ജീവചരിത്ര ഗ്രന്ഥം – ശിവം ശുഭം - ഗുരുവായൂർ ക്ഷേത്ര സന്നിധിയിൽ ഇന്നലെ പ്രകാശനം ചെയ്തു.  ഗാനരചയിതാവും കവിയുമായ BK ഹരിനാരായണനാണ്  പുസ്തകം എഴുതിയത്.

ഗുരുവായൂർ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിൽ ഗായകരും സംഗീതജ്ഞരും ചേർന്നാണ് പുസ്തക പ്രകാശനം നിർവ്വഹിച്ചത്.

✪✪✪

തൊടുപുഴ മുതലിയാർ മഠം ക്ഷേത്രത്തിൽ ഈ മാസം 19,20 തിയതികളിൽ നാരായണീയ സത്രം സംഘടിപ്പിക്കും. 19ന് വൈകിട്ട് യോഗക്ഷേമ സഭ സംസ്ഥാന പ്രസിഡന്റ് അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട് ഉദ്ഘാടനം ചെയ്തു.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റിൽ, ഇന്ന് ഇന്ത്യ, ഓസ്‌ട്രേലിയയെ നേരിടും. ചണ്ഡീഗഡിൽ ഉച്ചയ്ക്ക് 1.30-നാണ് മത്സരം. ആദ്യ ഏകദിനത്തിൽ ഓസ്‌ട്രേലിയയാണ് വിജയിച്ചത്.

✪✪✪

അബുദാബിയിൽ ഏഷ്യാ കപ്പ് ക്രിക്കറ്റ്, ഗ്രൂപ്പ് B  മത്സരത്തിൽ ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാനെ എട്ട് റൺസിന് പരാജയപ്പെടുത്തി. ഇന്ന് രാത്രി ഗ്രൂപ്പ് A മത്സരത്തിൽ പാകിസ്ഥാൻ, UAE- യെ നേരിടും.

✪✪✪

ടോക്കിയോയിൽ ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ യോഗ്യതാ റൗണ്ടിൽ ഇന്ത്യയുടെ ജാവലിൻ ത്രോ താരം നീരജ് ചോപ്ര ഇന്ന് മത്സരിക്കും. 2023-ൽ ബുഡാപെസ്റ്റിൽ സ്വർണ്ണവും 2022-ൽ USA-യിൽ വെള്ളിയും നേടിയ ചോപ്ര തന്റെ മൂന്നാമത്തെ ലോക ചാമ്പ്യൻഷിപ്പ് മെഡലാണ് ലക്ഷ്യമിടുന്നത്. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3.40 ന് മത്സരം ആരംഭിക്കും.

വനിതാ വിഭാഗത്തിൽ അന്നു റാണി ഇന്ത്യയ്ക്കായി ഇറങ്ങും. വനിതാ യോഗ്യതാ റൗണ്ടുകൾ വെള്ളിയാഴ്ചയാണ്.

✪✪✪

ഇടുക്കി നെടുങ്കണ്ടം ജില്ലാ സ്പോർട്സ് അക്കാദമിയിൽ അത്‌ലറ്റിക്സ് ഹോസ്റ്റലിന്റെ തുടർ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചു. ഗ്രൗണ്ട് ഇല്ലാത്തതുകൊണ്ടാണ് രണ്ട് വർഷം മുമ്പ് ഹോസ്റ്റലിന്റെ പ്രവർത്തനം നിലച്ചത്. സ്വന്തം കെട്ടിടം പണിയുന്നതിന് അഞ്ച് കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിലെ അഴീക്കോട് നീർക്കടവ് ഫിഷ് ലാൻഡിങ് സെന്റർ എത്രയും പെട്ടെന്ന് നടപ്പാക്കാൻ നടപടി എടുക്കുമെന്ന് മന്ത്രി സജി ചെറിയാൻ നിയമസഭയെ  അറിയിച്ചു. KV സുമേഷ് MLA-യുടെ സബ്മിഷന് മറുപടി നൽകുകയായിരുന്നു മന്ത്രി.

✪✪✪

ഡേറ്റിംഗ് ആപ്പ് വഴി ബന്ധം സ്ഥാപിച്ച് പ്രായ പൂർത്തിയാകാത്ത ആൺകുട്ടിയെ പീഡിപ്പിച്ച കേസിൽ കാസർകോട് ബേക്കൽ AEO അടക്കം 18 പേർക്കെതിരെ പൊലീസ് കേസെടുത്തു. ഇവർക്കെതിരെ പോക്സോ കേസുകളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

✪✪✪

എല്ലാ ഗവൺമെന്റ് ഉദ്യോഗസ്ഥരും വിവരാവകാശ നിയമം ആഴത്തിൽ അറിഞ്ഞിരിക്കണമെന്ന് സംസ്ഥാന വിവരാവകാശ കമ്മിഷണർ KM ദിലീപ് കാസർകോട്ട് പറഞ്ഞു. RTI യുമായി ബന്ധപ്പെട്ട് കാസർകോട് ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർക്ക് വേണ്ടി പരിശീലന ക്ലാസ്സ് നയിക്കുകയായിരുന്നു കമ്മീഷണർ.

✪✪✪

കാഴ്ചയില്ലാത്തവർ ഉൾപ്പെടെ ഭിന്നശേഷിക്കാർ വിൽക്കുന്ന ലോട്ടറി ടിക്കറ്റുകളെ GST-യിൽ നിന്ന് ഒഴിവാക്കണമെന്ന് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈന്റ് ആവശ്യപ്പെട്ടു. GST വർദ്ധന തീരുമാനത്തെ തുടർന്ന് ലോട്ടറി വിൽപ്പന ഗണ്യമായി കുറഞ്ഞെന്ന് KFB സംസ്ഥാന ഭാരവാഹികൾ തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്, നിമിഷി ജി*
*DEO : സി കെ സുബോധ്*